ഉത്തരം

(എ) ഉണ്ട്.

(ബി) അതെ.

(സി) ഉണ്ട്. നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമല്ലാതെ പൊതുതാൽപര്യം മുൻനിറുത്തി ആരെയും സ്ഥലം മാറ്റാവുന്നതാണ്.

തീരപഥം പദ്ധതിയുടെ വിശദാംശങ്ങൾ

105 [2597] ശ്രീ. ടി. യു. രാധാകൃഷ്ണൻ:

„ ശ്രീ. കെ. ബാബു:

„ എം. മുരളി:

„ കെ. എ. ചന്ദ്രൻ:

„ വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിൽപ്പെട്ട ചാക്ക വാർഡിൽ ചാക്ക റോഡുപാലം മുതൽ പടിഞ്ഞാറുവശം കെ. എസ്. ഇ. ബി. ഓഫീസുവരെ റോഡിനു വടക്കു ഭാഗത്തായി സ്ഥിതിചെയ്യുന്ന പേട്ട വില്ലേജിൽപ്പെട്ട വസ്തുക്കളിൽ വീടു വയ്ക്കാനുള്ള ലൈസൻസ് നൽകുവാൻ കോർപ്പറേഷനിൽ നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ എന്തെല്ലാമാണ്; ഈ പ്രദേശത്ത് മാത്രമായി പ്രത്യേക നിബന്ധനകൾ കോർപ്പറേഷൻ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രദേശത്ത് വീടുവയ്ക്കാനുള്ള അപേക്ഷകൾക്ക് തീരപഥം പദ്ധതിയുമായി ബന്ധപ്പെട്ട ട്രിഡയുടെ എൻ. ഒ. സി. സമർപ്പിക്കണം എന്ന് കോർപ്പറേഷൻ നിഷ്കർഷിക്കുന്നുണ്ടോ;

(സി) തീരപഥം പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) ചാക്ക വാർഡിനും തീരപഥം പദ്ധതി ബാധകമാണോ; അല്ലെങ്കിൽ അപേക്ഷകരോട് ഇപ്രകാരം നിർദ്ദേശിക്കുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള കെട്ടിട നിർമ്മാണ ചട്ടം 1999-ന് വിധേയമായി അപേക്ഷ നൽകേണ്ടതുണ്ട്. മാസ്റ്റർ പ്ലാനിനും തീരപഥം സ്കീമിനും വിധേയമായിട്ടുള്ള പ്രദേശമായതിനാൽ പ്രസ്തുത സ്കീമുകളിലെ പ്രത്യേക നിബന്ധനകൾ ഈ പ്രദേശത്ത് ബാധകമാണ്.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിശദാംശങ്ങളടങ്ങുന്ന ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) ഭാഗികമായി ബാധകമാണ്. പ്രസ്തുത പരിധിയിൽ വരാത്ത അപേക്ഷകരോട് ഇപ്രകാരം നിർദ്ദേശിക്കാറില്ല.

ആലപ്പുഴ നഗരത്തിന്റെ സമഗ്ര വികസനത്തിന് എംപവേർഡ് കമ്മറ്റി

106 [2598] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിന്റെ സമഗ്രവികസനം ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന് എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ നോഡൽ ഓഫീസറായി ആരെയാണ് നിശ്ചയിച്ചിട്ടുള്ളത്; ചെയർമാൻ, കമ്മിറ്റി അംഗങ്ങൾ എന്നിവർ ആരെല്ലാമാണ് എന്ന് വ്യക്തമാക്കാമോ;

(സി) ഈ കമ്മിറ്റി ഇത് സംബന്ധിച്ച എന്തെങ്കിലും രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് തയ്യാറാക്കും എന്നറിയിക്കാമോ;

(ഡി) ഈ പദ്ധതിക്ക് എവിടെനിന്നും ധനം സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നോഡൽ ഓഫീസർ—ടൂറിസം സെക്രട്ടറി, ചെയർമാൻ—ആലപ്പുഴ ജില്ലാ കളക്ടർ

കമ്മറ്റി അംഗങ്ങൾ:

1. ആലപ്പുഴ എം. പി.
2. ആലപ്പുഴ എം. എൽ. എ.
3. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
4. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ
5. എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊല്യൂഷൻ കൺട്രോൾ ബോർഡ്
6. എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി
7. മുനിസിപ്പൽ ചെയർപേഴ്സൺ

(സി) രൂപരേഖ തയ്യാറാക്കിവരുന്നു. കൺസൾട്ടിംഗ് എഞ്ചിനീയറിംഗ് സർവ്വീസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ് തയ്യാറാക്കുന്നത്. രണ്ടാഴ്ചക്കുള്ളിൽ പൂർത്തിയാകും.

(ഡി) ടൂറിസം വകുപ്പാണ് പണം നൽകുന്നത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly